## 696

യേശുവെന്റെ നായകൻ യേശുവെന്റെ ദായകൻ
യേശുവെന്റെ പാലകൻ എന്റെ സർവ്വവും

1 കൂരിരുളിൻ പാതയിൽ ദീപം കാട്ടിടും
അഗ്നിയിൻ നടുവിലെൻ ചാരെ വന്നീടും-

2 കാൽവറിക്കുരിശതിൽ യാഗമായവൻ
പാപവും ശാപവും നീക്കിത്തന്നവൻ-

3 പച്ചയായ പുൽപ്പുറങ്ങൾ കാട്ടിടുന്നവൻ
സ്വച്ഛമാം നദിക്കരികെ നടത്തിടുന്നവൻ-

4 വാനദൂതസേനയുമായി വന്നീടുന്നവൻ
വേഗമെന്നെ ചേർത്തിടും തൻസന്നിധാനത്തിൽ- **K.V.H.**